പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ -664 | | | 04.03.2020 ലെ മറുപടിയ്ക്ക് |
|---|---|---|---|
| **പട്ടികജാതിക്കാരുടെ ഭൂവുടമസ്ഥത** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **പ്രൊഫ.കെ.യു. അരുണൻ** | | **എ.കെ ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികജാതിക്കാരുടെ ഭൂവുടമസ്ഥത മെച്ചപ്പെടുത്താൻ ഏതൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഗ്രാമ പ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനും മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനും യഥാക്രമം 6 ലക്ഷം, 4.50 ലക്ഷം, 3.75 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ ദുർബ്ബല വിഭാഗമായ അരുന്ധതിയാർ, ചക്കിലിയൻ, വേടൻ, കള്ളാടി, നായാടി എന്നീ കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി കൃഷി ഭൂമി വാങ്ങി കൃഷി ചെയ്യുന്നതിനായി 10 ലക്ഷം രൂപ അനുവദിക്കുന്നു. വകുപ്പിന്റെ ഈ പദ്ധതികളിലൂടെ പട്ടികജാതി വിഭാഗക്കാരുടെ ഭൂവുടമസ്ഥത മെച്ചപ്പെട്ടു വരുന്നു. |
| (ബി) | പട്ടികജാതിക്കാർ കൈവശം വച്ച് വരുന്ന പുറംപോക്ക് ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ റവന്യൂവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ